"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in
തീയതി : 16-10-2021

## സർക്കുലർ നം 58

ജയിൽ വകുപ്പിൽ പുതുതായി പ്രവേശിക്കുന്ന ജീവനക്കാരുടെ വിവരങ്ങൾ സ്പാർക്കിൽ രേഖപ്പെടുത്തുമ്പോൾ ജനനത്തീയതി, പേരിലെ സ്പെല്ലിങ് , മറ്റ് വിവരങ്ങൾ തുടങ്ങിയവയിൽ തുടർച്ചയായി തെറ്റുകൾ വരുത്തുന്നത് ശരിയായ നടപടിയല്ലെന്നും ഇതുമൂലം സർക്കാരിന് അമിതജോലി ഭാരം ഉണ്ടാകുന്നതായും ഇത്തരത്തിലുള്ള വിവരങ്ങൾ ശ്രദ്ധയോടെ സ്പാർക്കിൽ രേഖപ്പെടുത്തൽ വരുത്തണമെന്നും സർക്കാരിൽ നിന്നും അറിയിക്കുകയുണ്ടായി.

ജയിൽ സ്ഥാപനങ്ങളിൽ നിന്നും ഉദ്യോഗസ്ഥരുടെ വിവരങ്ങൾ സ്പാർക്കിൽ രേഖപ്പെടുത്തുമ്പോൾ സംഭവിക്കുന്ന ചെറിയ പിഴവുകൾ പോലും തിരുത്തി ലഭിക്കുന്നതിന് വകുപ്പധ്യക്ഷൻ മുഖേന ഭരണ വകുപ്പിൽ അപേക്ഷ സമർപ്പിക്കേണ്ടി വരുന്നത് വളരെയധികം സമയനഷ്ടം ഉണ്ടാക്കുന്നതും വകുപ്പിലെ ഉദ്യോഗസ്ഥരുടെ കർമ്മശേഷി സംബന്ധിച്ച് വിമർശനം ഉണ്ടാക്കുന്നതുമാണെന്നതുകൊണ്ട് ഇക്കാര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പ്രത്യേക ജാഗ്രത പുലർത്തേണ്ടതാണെന്നും പിഴവുകൾ ആവർത്തിക്കുന്നതിന് സൂപ്രണ്ടുമാർ ഉത്തരവാദികൾ ആയിരിക്കുമെന്നും ഗൌരവപൂർവ്വം അറിയിക്കുന്നു.

ഡോ ഷെയ്ക്ക് ദർവേഷ് സാഹിബ് ഐപിഎസ്
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ് : എല്ലാ ജയിൽ സ്ഥാപന മേധാവികൾക്കും
ഡി.ഐ.ജി ഓഫ് പ്രിസൺസ്
ഉത്തര/ മധ്യ/ദക്ഷിണ മേഖലകൾ

പകർപ്പ് : സീനിയർ എ.ഒ/ സി.എ ടു ഡി.ജി.പി & സി.എസ്/ സി.എ ടു ഡി.ഐ.ജി/ പി.എ ടു ഡി.ജി.പി & സി.എസ്/ സീനിയർ സൂപ്രണ്ട് (എസ്റ്റാബ്ലിഷ്മെന്റ്)/ ഓഫീസ് കോപ്പി, TC1